(എഫ്) സർവ്വീസ് പെൻഷൻകാർക്കുള്ള കുടുംബക്ഷേമ പദ്ധതി എന്നു മുതൽ സംസ്ഥാനത്ത് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ജി) സർവീസ് പെൻഷൻകാർക്കുള്ള കുടുംബക്ഷേമ പദ്ധതിയുടെ നടത്തിപ്പിന് എന്തു തുക അധികമായി ചെലവഴിക്കേണ്ടി വരുമെന്നു കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(എച്ച്) കുടുംബക്ഷേമ പദ്ധതിയുടെ നടത്തിപ്പിനെ സംബന്ധിച്ച് പെൻഷൻകാരുടെ സംഘടനാ പ്രതിനിധികളുടെ അഭിപ്രായം എന്തെന്ന് ആരാഞ്ഞിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത പദ്ധതി പെൻഷൻകാർ സ്വാഗതം ചെയ്യുന്നുണ്ടോ എന്ന് അറിയിക്കുമോ ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) ഉണ്ട്.

(ബി) ഉണ്ട്. പെൻഷൻകാർക്ക് കുടുംബക്ഷേമ പദ്ധതി ഏർപ്പെടുത്താൻ ഉദ്ദേശമുണ്ട്. പെൻഷനറിൽ നിന്നും പ്രതിമാസം 40 രൂപ വീതം സ്വരൂപിക്കുകയും അംഗമായി ചേർന്ന് ഒരു വർഷത്തിനു ശേഷം പെൻഷനർ മരിച്ചാൽ കുടുംബത്തിന് 25,000 രൂപ ധനസഹായമായി കൊടുക്കുകയും ചെയ്യുന്നു. തമിഴ്നാട്ടിൽ ഇപ്പോൾ നിലവിലുള്ള പദ്ധതി ഇവിടെയും നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) ഉണ്ട്.

(ഡി) പെൻഷൻകാരിൽ നിന്നും പ്രതിമാസം നിശ്ചിത തുക വരിസംഖ്യ സ്വീകരിക്കുകയും പെൻഷനർ മരിച്ചാൽ അവകാശിക്ക് /നോമിനിക്ക് 25,000 രൂപ ധനസഹായം നൽകുകയും ചെയ്യാനാണ് ഇപ്പോൾ ലക്ഷ്യമിട്ടിട്ടുള്ളത്.

(ഇ) പെൻഷൻകാരുടെ കുടുംബത്തിന് കാൽ ലക്ഷം രൂപയുടെ ധനസഹായം ലഭിക്കുമെന്നതിലൂടെ കുടുംബത്തിന് സുരക്ഷിത ബോധം വർദ്ധിക്കും.

(എഫ്) 1-4-2001 മുതൽ

(ജി) സ്വയം പര്യാപ്തമായ പദ്ധതിയായിട്ടാണ് വിഭാവന ചെയ്തിട്ടുള്ളത്. അതിനാൽ അധിക ചെലവ് വരികയില്ല.

(എച്ച്) പെൻഷൻകാർക്ക് ക്ഷേമനിധി എന്ന ആവശ്യം ദീർഘകാലമായി പെൻഷൻകാരുടെ സംഘടനകൾ ഉന്നയിക്കുന്നതും വിവിധ തലങ്ങളിൽ ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതുമാണ്. ഇപ്പോൾ ആവിഷ്ക്കരിച്ചിരിക്കുന്ന പദ്ധതി ഭൂരിപക്ഷം പെൻഷൻകാരും പൊതുവേ സ്വാഗതം ചെയ്യുമെന്നാണ് സർക്കാർ കരുതുന്നത്.

കർഷകർക്കുള്ള പ്രോത്സാഹനം

19 (*227) ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി മെച്ചപ്പെട്ട ഉല്പാദനം കാഴ്ചവയ്ക്കുന്ന കർഷകർക്ക് പ്രോത്സാഹനവും സമ്മാനദാനവും നടത്താൻ പരിപാടിയുണ്ടോ ;

(ബി) ഇതനുസരിച്ച് കർഷകർക്ക് സമ്മാനദാനം നടത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ എത്രപേർക്കെന്ന് വെളിപ്പെടുത്തുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) 1992-93 സാമ്പത്തിക വർഷം മുതൽ കൃഷിക്കാരുടെ സാമൂഹ്യപദവി ഉയർത്തുന്നതിനും കാർഷികോൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിനുമായി അവാർഡുകളും സമ്മാനദാനവും നൽകി വരുന്നു.

(ബി) ഉണ്ട്.

(സി) 1992-93 മുതൽ 86 പേർക്ക് സമ്മാനദാനം നടത്തിയിട്ടുണ്ട്.

നികുതി നിരക്ക് ഏകീകരണം

20 (*228) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നികുതി നിരക്ക് ഏകീകരിക്കുവാനുള്ള തീരുമാനം പൂർണ്ണമായും നടപ്പിലാക്കി കഴിഞ്ഞോ ;

(ബി) എന്തെല്ലാം മാറ്റങ്ങളാണ് നികുതി ഏകീകരണത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ നടപ്പിലാക്കിയത് ;

(സി) മറ്റ് സംസ്ഥാനങ്ങൾ നികുതി നിരക്ക് ഏകീകരണം പൂർണ്ണമായും നടപ്പിലാക്കിയോ ;

(ഡി) എങ്കിൽ അതിന്റെ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ ;

(ഇ) നികുതി ഏകീകരണ തീരുമാനം അനുസരിച്ച് കാർഷികവിളകളുടെ നികുതി നിരക്കുകൾ വർദ്ധിപ്പിച്ചതായുള്ള പരാതി ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(എഫ്) വിലയിടിവുകൊണ്ട് കാർഷിക രംഗം സാമ്പത്തികമായി തകർന്നിരിക്കുന്ന അവസരങ്ങളിൽ നികുതി നിരക്കു വർദ്ധന പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) 1-1-2000 മുതൽ താഴെനിരക്ക് നടപ്പിലാക്കി കഴിഞ്ഞു.

(ബി) പൂജ്യം, ഒരു ശതമാനം, നാലു ശതമാനം, എട്ടു ശതമാനം, പന്ത്രണ്ടു ശതമാനം, ഇരുപതു ശതമാനം എന്നീ നിരക്കിൽ ചുമത്തേണ്ട നികുതി നിരക്കുകൾ പ്രത്യേകം നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ താഴെനിരക്കുകളുമായി ബന്ധപ്പെടുത്തി എല്ലാ സാധനങ്ങളുടേയും നികുതി 1-1-2000 മുതൽ പുനർ നിർണ്ണയിച്ചു നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ വിദേശ മദ്യത്തിനൊഴിച്ചു ബാക്കിയെല്ലാത്തിന്റേയും മേലുള്ള സർച്ചാർജ്ജ് നിർത്തലാക്കി.

LIBRARY ARCHIVES Kerala Legislative Assembly